## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.8007 — 24.07.2012 ൽ മറുപടിയ്ക്ക്

**സ്വകാര്യ വാഹന ഫൈനാൻസിങ്ങ്**

| ചോദ്യം<br>ശ്രീ. എ. റ്റി. ജോർജ്ജ് | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) സ്വകാര്യ വാഹന ഫൈനാൻസിങ്ങ് സംബന്ധിച്ച് റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ ചട്ടം 451 (എ) ഓഫ് 1934 അനുസരിച്ച് ട്രാൻസ്പോർട്ട് കമ്മീഷണർ ഇറക്കിയ സർക്കുലർ നമ്പർ 13/2011 തീയതി 13.6.11 ഗവൺമെന്റ് ഉത്തരവാക്കി നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | ഇല്ല. ഗതാഗത കമ്മീഷണർ പുറപ്പെടുവിച്ച 13.6.2011 ലെ സർക്കുലർ നം. 13/2011 28.06.2011 ലെ ഡബ്ല്യു.പി..(സി) നം.17402/2011(എ) യിലെ വിധിയിലൂടെ ബഹു:ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. |
| (ബി) നടപ്പിലാക്കിയിട്ടില്ലെങ്കിൽ ആർ.ബി.ഐ യുടെ ചട്ടം, നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദീകരണം നൽകാമോ? | (ബി) | രാജ്യത്തെ നോൺ ബാങ്കിംഗ് ധനകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതും നിരീക്ഷണവിധേയമാക്കുന്നതും 1934 ലെ റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ ആക്ട് പ്രകാരമാണ്. ഇത്തരത്തിലുള്ള നോൺ ബാങ്കിംഗ് ധനകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിന് ധാരാളം വ്യവസ്ഥകൾ പ്രസ്തുത നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചട്ട ലംഘനം നടത്തുന്ന ധനകാര്യ സ്ഥാപനങ്ങൾക്കെതിരെ കർശനമായ പിഴയും ശിക്ഷാ വ്യവസ്ഥകളുമാണ് പ്രസ്തുത നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 1934 റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യ ആക്ട് രാജ്യത്തെ നോൺ ബാങ്കിംഗ് ധനകാര്യ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനും നിരീക്ഷിക്കുന്നതിനും പര്യാപ്തമാണ്. അതിനാൽ ഗതാഗത വകുപ്പ് ഇതു സംബന്ധിച്ച് തുടർ നടപടികൾ ഒന്നും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ